"ഭരണഭാഷ - മാതൃഭാഷ"

നം.ഐസിഡിഎസ്/ബി3-34358/12

സാമൂഹ്യനീതി ഡയറക്ടറേറ്റ് (അനകസ്)
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,
തിരുവനന്തപുരം. തീയതി : 26-3-2013

സാമൂഹ്യനീതി ഡയറക്ടർ.

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - ഐസിഡിഎസ്. അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യമിശ്രിതം - പരിശോധന നടത്തുന്നത് - സംബന്ധിച്ച്

സൂചന : 21-11-2012-ലെ 14572/B1/2012/SJD നമ്പർ കത്ത്.

അനുപൂരക പോഷകാഹാര പദ്ധതിയുമായി ബന്ധപ്പെട്ട് അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങൾ, കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന 2-11-2012-ലെ D.O. No.21 (14)/2012-13/FN നമ്പർ കേന്ദ്ര നിർദ്ദേശം അടിയന്തിരമായി നടപ്പിലാക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. ആയതിനാൽ SNP-യുമായി ബന്ധപ്പെട്ട അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser, Ministry of Women & Child Development, Food & Nutrition Board, Southern Region, Government of India, 26, Haddows Road, Shastri Bhavan, Chennai-6 എന്ന മേൽ വിലാസത്തിൽ 250രൂപയുടെ ഡി.ഡി-യായി Pay and Accounts Officer, Ministory of Women & Child Development, Chennai എന്ന പേരിൽ എടുത്ത് പരിശോധനയ്ക്ക് അയയ്ക്കുവാൻ നടപടി സ്വീകരക്കേണ്ടതാണ്.

മേൽ ആവശ്യത്തിലേയ്ക്കുള്ള ചിലവ് ബന്ധപ്പെട്ട കുടുംബശ്രീയൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. പരിശോധന റിപ്പോർട്ട് ഭക്ഷണ പദർത്ഥങ്ങൾ ഉപയോഗിക്കുന്നതിന് മുൻപ് തന്നെ ലഭ്യമാക്കേണ്ടതുമാണ്. (കേന്ദ്ര സർക്കാരിന്റെ കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

വിശ്വസ്തതയോടെ

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി.

പകർപ്പ് : വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

ജികെ/